**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87** **29-08-2022 - ൽ മറുപടിയ്ക്ക്**

**2022-ലെ വനസംരക്ഷണ ചട്ടത്തിലെ ഹാനികരമായ വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ജനവാസ മേഖലകൾ പരിസ്ഥിതി ലോലമാക്കണമെന്ന് ആവശ്യപ്പെടുമ്പോൾത്തന്നെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം ചെയ്ത 2022-ലെ വന സംരക്ഷണ ചട്ടം വന ഭൂമിയിലെ സമ്പത്ത് വൻതോതിൽ കോർപ്പറേറ്റ് ചൂഷണത്തിന് വഴിവയ്ക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 1980-ലെ വന(സംരക്ഷണ) നിയമം നിഷ്കർഷിക്കുന്നത് വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കണമെന്നതാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികളും സമയക്രമങ്ങളും വിശദമാക്കുന്നതിനും വ്യക്തത വരുത്തുന്നതിലേയ്ക്കുമായിട്ടാണ് പ്രസ്തുത ആക്റ്റിൻ കീഴിൽ 2022 ലെ വനം (സംരക്ഷണം) ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ഈ ചട്ടങ്ങൾ നിലവിൽ വന്നതുകൊണ്ട് വനഭൂമിയിലെ സമ്പത്ത് കോർപ്പറേറ്റ് ചൂഷണത്തിന് വഴിവയ്ക്കുന്നു എന്നുള്ള ആക്ഷേപം ശരിയായിട്ടുള്ളതല്ല. |
| (ബി) | പ്രസ്തുത ചട്ടം സംസ്ഥാന സർക്കാർ പഠന വിധേയമാക്കിയിരുന്നോ; പ്രസ്തുത ചട്ടത്തിലെ വന സംരക്ഷണത്തിന് ഹാനികരമായ വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്ന ആവശ്യം പരിഗണിക്കുമോ; | (ബി) | 2022-ലെ വന(സംരക്ഷണം)ചട്ടങ്ങൾ പരിശോധിച്ചതിൽ വനസംരക്ഷണത്തിന് ഹാനികരമായ വ്യവസ്ഥകൾ ഒന്നുംതന്നെ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ പ്രകാരം രൂപീകരിക്കപ്പെടുന്ന വിവിധ കമ്മിറ്റികളുടെ പരിശോധന കൃത്യമായി നിർവ്വഹിക്കപ്പെടുന്നപക്ഷം, വനസംരക്ഷണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സാധിക്കുന്നതാണ്. |
| (സി) | സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനം അതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനത്ത് സ്വാഭാവിക വനങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം തീയതി 17.12.2021 പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950 മുതൽ 1980 കളുടെ തുടക്കം വരെ കേരളത്തിലെ ജൈവസമ്പന്നമായിരുന്ന സ്വാഭാവിക മരങ്ങൾ വെട്ടിതെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം, വാറ്റിൽ |

| | | | |
|---|---|---|---|
| | | | തുടങ്ങിയ വിദേശ-ഏകവിളത്തോട്ടങ്ങൾ വച്ചു പിടിപ്പിക്കുകയുണ്ടായി. ഏതാണ്ട് 27,000 ത്തോളം ഹെക്ടർ വരുന്ന ടി വിദേശ – ഏകവിളത്തോട്ടങ്ങൾ സ്വാഭാവികതികയിലേക്ക് പുനഃസ്ഥാപിക്കുവാനും തദ്ദേശീയ ഇനങ്ങൾ വീണ്ടും നട്ട് തോട്ടങ്ങൾ ആക്കുന്നതും കൂടാതെ വിദേശ ഇനങ്ങളിൽപെട്ടതും ആവാസ വ്യവസ്ഥയ്ക്ക് യോജിക്കാത്തതായ ആഫ്രിക്കൻ ഒച്ച്, ആഫ്രിക്കൻ മുഷി തുടങ്ങിയ ജീവികളെ ഉൻമൂലനം ചെയ്യുന്നതും മറ്റും ആണ് നയരേഖ വിഭാവനം ചെയ്യുന്നത്.<br><br>പ്രസ്തുത നയരേഖ പ്രാവർത്തികമാക്കാൻ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

വന(സംരക്ഷണ) നിയമം 1980 പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ആവശ്യമാണ്. പ്രസ്തുത പൂർവ്വാനുമതി ലഭിക്കുന്നതിന് വനഭൂമി വനേതര ആവശ്യത്തിനായി ഉപയോഗിക്കുവാൻ അപേക്ഷ നൽകുന്ന യൂസർ ഏജൻസി വിവിധ രേഖകൾ ഹാജരാക്കേണ്ടതും ആയത് കേന്ദ്ര സംസ്ഥാന തലത്തിലുള്ള വിവിധ കമ്മിറ്റികൾ പരിശോധിച്ചതിന് ശേഷം മാത്രമേ അനുമതി ലഭ്യമാവുകയുള്ളൂ. പ്രസ്തുത പൂർവ്വാനുമതിക്കായുള്ള നടപടികളും സമയക്രമങ്ങളുമാണ് വന(സംരക്ഷണ) ചട്ടം 2022 ൽ വിഭാവനം ചെയ്യുന്നത്. പുതിയ ചട്ടപ്രകാരം അഞ്ച് ഹെക്ടറിനു മുകളിലുള്ള വനഭൂമി വനേതര ആവശ്യത്തിന് നൽകുന്നതിന് മുമ്പ് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന പ്രൊജക്ട് സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിശോധന ആവശ്യമാണെന്ന് ഒരു പുതിയ നിബന്ധന കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം വനഭൂമി മറ്റ് ആവശ്യങ്ങൾക്കായി വിട്ടു നൽകുന്നതിനുള്ള നടപടികൾ കൂടുതൽ കരുതലോടെയും സംസ്ഥാന സർക്കാരിന് നടപ്പിലാക്കാൻ സാധിക്കും. പ്രോജക്ട് സ്ക്രീനിംഗ് കമ്മിറ്റി കൂടാതെ റീജ്യണൽ എംപവേഡ് കമ്മിറ്റി, ഫോറസ്റ്റ് അഡ്വൈസറി കമ്മിറ്റി എന്നിവയുടെ പരിശോധനയും വനഭൂമി വനേതര ആവശ്യങ്ങൾക്ക് വിട്ടു നൽകുന്നതിനുമുമ്പ് നടത്തപ്പെടണമെന്ന് പുതിയ ചട്ടം നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ വനസമ്പത്ത് ചൂഷണം ചെയ്യുതിനുള്ള സാധ്യത മേൽ ചട്ടപ്രകാരം കാണുന്നില്ല.

വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950കൾ മുതൽ 1980കളുടെ തുടക്കം വരെ കേരളത്തിലെ ജൈവസമ്പന്നമായിരുന്ന സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വിദേശ-ഏകവിളത്തോട്ടങ്ങൾ വെച്ചു പിടിപ്പിക്കുകയുണ്ടായി. ഏതാണ്ട് 27,000ത്തോളം ഹെക്ടർ വിദേശ-ഏകവിളത്തോട്ടങ്ങളും, 90,000ത്തോളം ഹെക്ടർ തേക്ക് തോട്ടങ്ങളുമാണ് കേരളത്തിൽ വനഭൂമിയിൽ നിലവിലുള്ളത്. പാരിസ്ഥിതിക-ജലസുരക്ഷ മുൻനിർത്തി പരിസ്ഥിതി പുന:സ്ഥാപന പ്രക്രിയകൾ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്.

കേരളത്തിൽ അടിക്കടി ഉണ്ടായിട്ടുള്ള പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാതലത്തിൽ കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നയരേഖയാണ് സർക്കാർ ഉത്തരവ് (കൈ)നം 29/2021/വനം തീയതി 17.12.2021 പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുള്ളത്. 38,863 ച.കി.മീ. സ്ഥലത്ത് പരന്നു കിടക്കുന്ന കേരളത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കിയിട്ടുള്ള പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കിയും ജീവനോപാധികൾ സംരക്ഷിച്ചുകൊണ്ടും സുസ്ഥിര വികസനം യാഥാർത്ഥ്യമാക്കുന്നതിന് വനം വകുപ്പ് മാത്രമല്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സർക്കാർ വകുപ്പുകൾ, സർക്കാർ ഇതര സംവിധാനങ്ങൾ, വാണിജ്യ കൂട്ടായ്മകൾ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവ പരസ്പര പൂരകങ്ങളായി വർത്തിക്കണം. വന പുന:സ്ഥാപനം അടിസ്ഥാനമായിട്ടുള്ള സുസ്ഥിര വികസനത്തിന്, ഭൂവിഭാഗത്തിനാകെ അനുയോജ്യമായ പ്ലാൻ ബന്ധപ്പെട്ട പങ്കാളികളുടെ സഹകരണത്തോടുകൂടി തയ്യാറാക്കി നടപ്പിലാക്കുവാനാണ് വിവക്ഷിക്കുന്നത്.

വനവും അനുബന്ധ മേഖലകളും എങ്ങനെ സംരക്ഷിക്കാമെന്നത് സംബന്ധിച്ച പൊതുവായ കാഴ്ചപ്പാടാണ് ഈ നയരേഖയിൽ അവതരിപ്പിച്ചിട്ടുള്ളത്. വനത്തിന്റെ പാരിസ്ഥിതിക സേവനം കണക്കിലെടുത്തും, വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നതിനും, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി വനത്താൽ ചുറ്റപ്പെട്ടതോ വനത്തോട് ചേർന്നു കിടക്കുന്നതോ ആയ പ്രദേശങ്ങളിലെ സ്വകാര്യ സ്ഥലങ്ങൾ/എസ്റ്റേറ്റുകൾ എന്നിവ ഉടമസ്ഥരുടെ സമ്മതത്തോടു കൂടി അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുന:സ്ഥാപനം നടത്തുന്നതിനുള്ള നടപടികളും നയം മുന്നോട്ടു വയ്ക്കുന്നു. വനതുരുത്തുകളെ ബന്ധിപ്പിക്കുന്നതിനും, വന്യജീവികളുടെ സുഗമമായ സഞ്ചാരം ഉറപ്പു വരുത്തുന്നതിനും തദ്വാര മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ഇത് ഇടയാക്കും.

പ്രസ്തുത നയരേഖ പ്രാവർത്തികമാക്കാൻ താഴെ പറയുന്ന കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

- ആധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് കാടിന്റെ അതിർത്തിനിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുക; വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുക.
- നിലിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതും സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങളായ അക്കേഷ്യ, വാറ്റിൽ, യൂക്കാലി തോട്ടങ്ങൾ തുടങ്ങിയവയും മണ്ണ്-ജലസംരക്ഷണം എന്നിവ ലക്ഷ്യമാക്കി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുക.
- വെട്ടിമാറ്റുന്ന വ്യാവസായിക തോട്ടങ്ങളിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ കേരളത്തിലെ ചെറുകിട വനാധിഷ്ഠിത വ്യവസായങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുക.
- വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലൻറാന, മൈക്കേനിയ തുടങ്ങിയ അധിനിവേശ സസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുക
- തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കാട്ടുതീ പ്രതിരോധം
- ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണവും മൂല്യവർദ്ധനവും ഉറപ്പുവരുത്തുക
- ജൈവവൈവിദ്ധ്യത്തിന്റെ തുരുത്തുകളായ കാവുകളുടെ സംരക്ഷണം
- പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ വില നൽകി ഏറ്റെടുക്കുക.
- കേരളത്തിലെ പഞ്ചായത്തുകൾ 'കാർബൺ ന്യൂട്രല്' ആക്കുന്നതിനായി ആവശ്യമായ വൃക്ഷവൽകരണം നടപ്പാക്കുക.
- കടൽക്ഷോഭത്തിൽ നിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് തീരവനം നിർമ്മിക്കുക
- നദികളുടെയും വനങ്ങളുടെയും റിസർവോയറുകളുടെയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷതൈകൾ പൊതുജന പങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുന്നതാണ്.
- വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുക
- കാർബൺ ആഗീകരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- പാരിസ്ഥിതിക സേവനങ്ങളുടെ വിലയിരുത്തലിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഗവേഷണ

പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക

- പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ കർമ്മപരിപാടികൾ നടപ്പിലാക്കുക.

ഇത്തരത്തിൽ വന പുന:സ്ഥാപന പ്രവർത്തനങ്ങൾ വൻതോതിൽ ഏറ്റെടുക്കുന്നആദ്യ സംസ്ഥാനമാവുകയാണ് കേരളം. ഇത് വർദ്ധിച്ച തോതിലുള്ള പാരിസ്ഥിതിക സേവനങ്ങളും, തൊഴിലവസരങ്ങളും പ്രദാനം ചെയ്യുന്നതാണ്. ഇത്തരത്തിൽ സാമൂഹ്യ പങ്കാളിത്തത്തോടു കൂടി നടപ്പാക്കുന്ന വന പുന:സ്ഥാപന നയം കേരളത്തിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാവും.

## അനുബന്ധം

- ആധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് കാടിന്റെ അതിർത്തിനിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുക; വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുക.
- നിലിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതും സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങളായ അക്കേഷ്യ, വാറ്റിൽ, യൂക്കാലി തോട്ടങ്ങൾ തുടങ്ങിയവയും മണ്ണ്-ജല സംരക്ഷണം എന്നിവ ലക്ഷ്യമാക്കി ഘട്ടം ഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുക.
- വെട്ടിമാറ്റുന്ന വ്യാവസായിക തോട്ടങ്ങളിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ കേരളത്തിലെ ചെറുകിട വനാധിഷ്ഠിത വ്യവസായങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുക.
- വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലൻറാന, മൈക്കേനിയ തുടങ്ങിയ അധിനിവേശ സസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുക
- തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കാട്ടുതീ പ്രതിരോധം
- ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണവും മൂല്യവർദ്ധനവും ഉറപ്പുവരുത്തുക
- ജൈവവൈവിദ്ധ്യത്തിന്റെ തുരുത്തുകളായ കാവുകളുടെ സംരക്ഷണം
- പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ വില നൽകി ഏറ്റെടുക്കുക.
- കേരളത്തിലെ പഞ്ചായത്തുകൾ 'കാർബൺ ന്യൂട്രൽ' ആക്കുന്നതിനായി ആവശ്യമായ വൃക്ഷവൽകരണം നടപ്പാക്കുക.
- കടൽക്ഷോഭത്തിൽ നിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് തീരവനം നിർമ്മിക്കുക
- നദികളുടെയും വനങ്ങളുടെയും റിസർവോയറുകളുടെയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷതൈകൾ പൊതുജന പങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുന്നതാണ്.
- വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുക
- കാർബൺ ആഗീകരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത്

പ്രോത്സാഹിപ്പിക്കുക.

- പാരിസ്ഥിതിക സേവനങ്ങളുടെ വിലയിരുത്തലിന് ദീർഘകാലാടി സ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക
- പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ കർമ്മപരിപാടികൾ നടപ്പിലാക്കുക.